# ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെ പ്രസക്തി

**ആഗോള** വ്യാപകമായി അനുഭവപ്പെടുന്ന ഭക്ഷ്യക്ഷാമം ലോകമെങ്ങും- വിശേഷിച്ച് അവികസിത, വികസ്വര രാജ്യങ്ങളിൽ- ദരിദ്രജനവിഭാഗങ്ങൾക്ക് ദുസ്സഹമായിത്തീർന്നിരിക്കുകയാണ്. പല ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലും സാധാരണക്കാർ മൂന്നു നേരത്തെ ആഹാരം രണ്ടു നേരമായും രണ്ടു നേരത്തേത് ഒരു നേരമായും വെട്ടിച്ചുരുക്കാൻ നിർബന്ധിതരായിരിക്കുന്നു. പട്ടിണിമരണം പെരുകുന്നു. കുട്ടികളിൽ ആപത്കരമായ തോതിൽ പോഷകാഹാരക്കുറവും തജ്ജന്യമായ രോഗങ്ങളും കണ്ടുവരുന്നു.

ഭക്ഷ്യദൗർലഭ്യം മുതലാളിത്ത സമ്പദ്ഘടനക്കാകമാനം ഭീഷണിയുയർത്തുന്നതായി ലോക നേതാക്കൾ മുന്നറിയിപ്പ് നൽകുന്നുണ്ട്. 'യഥാർഥ ആഗോള ദുരന്തം' എന്നാണ് യു.എൻ സെക്രട്ടറി ജനറൽ ബാൻകി മൂൺ ഇതിനെ വിശേഷിപ്പിച്ചത്. മുൻ ലോക ബാങ്ക് പ്രസിഡന്റ് പോൾ വുൾഫോവിറ്റ്സ് വ്യാപകമായ ഭക്ഷ്യകലാപത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുകയാണ്. 'നിശ്ശബ്ദ സുനാമി' എന്നാണ് വേൾഡ് ഫുഡ് പ്രോഗ്രാം എക്സിക്യൂട്ടീവ് ഡയറക്ടർ ജോസെറ്റ് ഷിറാൻ ഇതിനെ വിളിക്കുന്നത്. ഈ ദുരന്തത്തെ നേരിടുന്നതിന് കൂട്ടായ പരിപാടികളാവിഷ്കരിക്കാൻ യു.എൻ സെക്രട്ടറി ആഗോള സമൂഹത്തോട് ആഹ്വാനം ചെയ്യുകയുണ്ടായി.

ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മാസം റോമിൽ ഒരു അന്താരാഷ്ട്ര ഭക്ഷ്യസമ്മേളനം ചേരുകയും ചെയ്തു. ചർച്ചകൾ ധാരാളം നടന്നെങ്കിലും ഉറച്ച തീരുമാനങ്ങളോ പ്രതീക്ഷക്ക് വക നൽകുന്ന പ്രായോഗിക പദ്ധതികളോ ഒന്നും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. അംഗരാജ്യങ്ങൾ പാലിച്ചുകൊള്ളണമെന്ന് ഒരു നിർബന്ധവുമില്ലാത്ത ശിപാർശാ രൂപത്തിലുള്ള ചില നിർദേശങ്ങൾ മാത്രമാണ് സമ്മേളനം പുറത്തുവിട്ടത്. വികസിത രാജ്യങ്ങൾ പൊതുവിൽ സ്വീകരിച്ചത് ഇപ്പോഴത്തെ ക്ഷാമത്തിന്റെ യഥാർഥ കാരണങ്ങളിൽനിന്നും ശരിയായ പരിഹാര മാർഗത്തിൽനിന്നും ഒഴിഞ്ഞുമാറുന്ന നിലപാടായിരുന്നു. ഇന്ത്യയിലും ചൈനയിലും ജീവിത നിലവാരം ഉയർന്നതിനെത്തുടർന്ന് ഭക്ഷണ ഉപഭോഗം വർധിച്ചതാണ് ഭക്ഷ്യക്ഷാമത്തിന്റെ കാരണമായി അമേരിക്ക ഉന്നയിച്ചത്. ഉൽപാദനക്കമ്മി, വികലമായ വിതരണരീതി, ഭക്ഷ്യവിഭവങ്ങൾ ആഹാരേതരാവശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കൽ തുടങ്ങിയ ഭക്ഷ്യക്ഷാമത്തിന്റെ യഥാർഥ കാരണങ്ങളെ ഗൗരവപൂർവം സമീപിക്കാൻ സമ്മേളനം തയാറായില്ല. ഈ കാരണങ്ങളെല്ലാം ആഗോളീകൃത മുതലാളിത്ത സമ്പദ്ഘടനയുടെ സൃഷ്ടികളാകുന്നു എന്നതാണതിനു കാരണം. വികസിത നാടുകളിൽ സർക്കാർ സബ്സിഡികളുടെ തണലിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ വൻതോതിൽ ശേഖരിച്ച് ലോകത്തെവിടെയും കൊണ്ടുവന്ന് വിൽക്കാൻ ആഗോളവത്കരണം കളമൊരുക്കിയിട്ടുണ്ട്. സബ്സിഡി വിലക്കപ്പെട്ട അവികസിത, വികസ്വര രാജ്യങ്ങളിലെ കർഷകർക്ക് അവരോട് മത്സരിക്കാനാവില്ല. അവരുടെ കൃഷി ഭക്ഷ്യവിളകളിൽനിന്ന് നാണ്യവിളകളിലേക്ക് മാറി. അതിന് കഴിയാത്തവർ കടം കൊണ്ടു വലഞ്ഞ് കാർഷിക വൃത്തിയിൽനിന്ന് പിൻമാറി. പെട്രോളിന്റെ വിലക്കയറ്റം ഭക്ഷ്യവിളകളെ ജൈവ ഇന്ധനം ഉൽപാദിപ്പിക്കാനുള്ള അസംസ്കൃത പദാർഥമാക്കി മാറ്റാൻ വ്യവസായികളെ പ്രേരിപ്പിച്ചു. ഈ പ്രശ്നങ്ങളെയൊന്നും സമ്മേളനം ഗൗരവപൂർവം സമീപിക്കുകയുണ്ടായില്ല. സമീപിച്ചിരുന്നുവെങ്കിൽ ആഗോളവത്കൃത സമ്പദ്‌വ്യവസ്ഥയിൽ ഒരു പൊളിച്ചെഴുത്തിന്റെ ആവശ്യകത അനിഷേധ്യമായി ഉയർന്നുവരുമായിരുന്നു. മുതലാളിത്ത സമൂഹങ്ങൾ അതൊരിക്കലും അംഗീകരിക്കുകയില്ല. ഭക്ഷ്യക്ഷാമം പരിഹരിക്കപ്പെട്ടില്ലെങ്കിൽ വേണ്ട, മുതലാളിത്തത്തിന്റെ നിലവിലുള്ള വ്യവസ്ഥക്ക് കോട്ടം തട്ടിക്കൂടാ എന്നാണവരുടെ നിലപാട്.

സമകാലീന സാമ്പത്തിക കുഴപ്പങ്ങളുടെ യഥാർഥ കാരണം മുതലാളിത്തത്തിന്റെ ലോകാധിപത്യമാണെന്ന് ഇസ്‌ലാമിക സാമ്പത്തിക വിദഗ്ധന്മാർ വാദിക്കുന്നത് വെറുതെയല്ല. അക്കൂട്ടത്തിലൊരാളായ, ഇന്റർനാഷനൽ സെന്റർ ഫോർ എജുക്കേഷൻ ഇൻ ഇസ്‌ലാമിക് ഫൈനാൻസ് ഡീൻ ഡോക്ടർ മുഹമ്മദ് മഹ്മൂദ് അവാന്റെ അഭിപ്രായത്തിൽ, അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ ഇസ്‌ലാമിക സാമ്പത്തിക സിദ്ധാന്തങ്ങൾ പിന്തുടർന്നിരുന്നുവെങ്കിൽ ആസന്നമായ സാമ്പത്തിക ദുരന്തം ഒഴിവാക്കാമായിരുന്നുവെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഇസ്‌ലാമിക തത്ത്വങ്ങളനുസരിച്ചു പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ അനുഭവം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അദ്ദേഹം അത് സമർഥിക്കുന്നത്. കേവല ഭൗതിക സാമ്പത്തിക വീക്ഷണത്തിൽ വ്യവസായികൾക്കും മൂലധനമുടമകൾക്കും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഏതറ്റം വരെയും പോകാം. ലാഭം കിട്ടുമെങ്കിൽ രാഷ്ട്രങ്ങളുടെ തകർച്ചയോ ജനതകളുടെ കൂട്ടക്കുരുതിയോ ഒന്നും പ്രശ്നമല്ല. ഭക്ഷ്യവിളകളേക്കാൾ ലാഭകരം നാണ്യവിളകളാണെന്നു കണ്ടാൽ ഭക്ഷ്യക്ഷാമം കൊടുമ്പിരികൊള്ളുമ്പോഴും അവർ നാണ്യവിളകളേ കൃഷി ചെയ്യൂ. കൺമുമ്പിൽ ആയിരങ്ങൾ വിശന്നു മരിക്കുമ്പോഴും കൈവശമുള്ള ഭക്ഷ്യധാന്യങ്ങൾ ജൈവ ഇന്ധനം ഉൽപാദിപ്പിക്കാൻ നീക്കിവെക്കുന്നതിൽ ഒരു സങ്കോചവുമുണ്ടാവില്ല. ദുരമൂത്ത മുതലാളിത്തത്തിന്റെ ക്രൂരവും അമാനവികവുമായ ഈ നയത്തിന്റെ സ്വാഭാവികമായ പരിണതിയാണ് ലോകം ഇന്നഭിമുഖീകരിക്കുന്നത്. ഈ സാഹചര്യം ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയെ മറ്റെന്നത്തേക്കാളുമേറെ പ്രസക്തമാക്കുന്നുണ്ട്. ദുർബല വിഭാഗങ്ങൾ അനുഭവിക്കുന്ന ചൂഷണത്തിനും പീഡനത്തിനും അറുതി വാഗ്ദാനം ചെയ്യുന്ന ഒരു ബദൽ അതു മാത്രമേയുള്ളൂ. ഇനിയെങ്കിലും ലോകം അതൊന്നു പരീക്ഷിച്ചുനോക്കാൻ തയാറായെങ്കിൽ! ■